**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പ്-ജീവനക്കാര്യം -വിശാല കൊച്ചി വികസന അതോറിറ്റിയിൽ സെക്രട്ടറി - നിയമനം- ഗോശ്രീ ഐലന്റ്സ് വികസന അതോറിറ്റി പ്രോജക്റ്റ് ഡയറക്ടർ പൂർണ്ണ അധിക ചുമതല - നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ യു) വകുപ്പ്**

**സ.ഉ(സാധാ) നം.2375/2019/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം 25.10.2019**

==========================================================

പരാമർശം:- 1. 26.08.2018 തീയതിയിലെ സ.ഉ(സാധാ) നമ്പർ 1841/2019/ത.സ്വ.ഭ.വ

2. 24.10.2019 തീയതിയിലെ സ.ഉ(സാധാ) നമ്പർ 2354/2019/ത.സ്വ.ഭ.വ

**ഉത്തരവ്**

ഗോശ്രീ ഐലന്റ്സ് വികസന അതോറിറ്റിയിൽ (GIDA) പ്രോജക്റ്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന നഗരഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനറായ ശ്രീ. രാമചന്ദ്രൻ എ. യെ പരാമർശം 2 ഉത്തരവ് പ്രകാരം മാതൃവകുപ്പിലേക്ക് മടക്കി വയനാട് ടൗൺ പ്ലാനർ തസ്തികയിൽ നിയമിച്ചു ടിയാന് പരാമർശം 1 ഉത്തരവ് പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല കൂടി നൽകിയിരുന്നു.

2. മേൽ സാഹചര്യത്തിൽ ഭരണസൗകര്യത്തിനായി നിലവിൽ ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. ജിനുമോൾ വർഗ്ഗീസിനെ വിശാല കൊച്ചി വികസന അതോറിറ്റിയിൽ (GCDA) സെക്രട്ടറിയായി നിലവിലുള്ള ഡെപ്യൂട്ടേഷൻ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാരിക്ക് ഗോശ്രീ ഐലന്റ്സ് വികസന അതോറിറ്റിയിലെ (GIDA) പ്രോജക്റ്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല കൂടി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്: മുഖ്യനഗരാസൂത്രക, തിരുവനന്തപുരം

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി/ ഗോശ്രീ ഐലന്റ്സ് വികസന അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീ. രാമചന്ദ്രൻ എ., ടൗൺ പ്ലാനർ (മുഖ്യ നഗരാസൂത്രക മുഖേന)

ശ്രീമതി. ജിനുമോൾ വർഗ്ഗീസ്, ടൗൺ പ്ലാനർ (മുഖ്യ നഗരാസൂത്രക മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ